**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1632** **19-01-2021 - ൽ മറുപടിയ്ക്ക്**

**കുടുംബശ്രീയുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ജി .എസ് .ജയലാൽ ,<br>ശ്രീ . മുല്ലക്കര രത്നാകരൻ ,<br>ശ്രീമതി ഗീതാ ഗോപി,<br>ശ്രീമതി സി. കെ. ആശ | | Shri A. C. Moideen<br>(തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി) | |
| (എ) | കുടുംബശ്രീയുടെ പ്രവർത്തനം സ്ത്രീ ശാക്തീകരണത്തിന് എത്രത്തോളം സഹായകരമായെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഈ സർക്കാർ കാലയളവിൽ കുടുംബശ്രീ ആരംഭിച്ച സൂക്ഷ്മ സംരംഭങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ; അവ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നുണ്ടോ; | (ബി) | ഈ സർക്കാർ കാലയളവിൽ കുടുംബശ്രീ ആരംഭിച്ച സൂക്ഷ്മ സംരംഭങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ഇവ കുടുംബശ്രീ അംഗങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങളും വരുമാനവും ഉറപ്പാക്കുന്നു. ഹരിതകർമ്മസേന തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ തൊഴിൽ സംരംഭഗ്രൂപ്പുകളിലൂടെ നടപ്പിലാക്കുന്ന പദ്ധതിയാണ് ഹരിതകർമ്മസേന. കുടുംബശ്രീ മിഷൻ ഹരിതകേരളം മിഷനുമായും ശുചിത്വ മിഷനുമായും സംയോജിച്ചുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. 28000-ൽപരം കുടുംബശ്രീ വനിതകൾ ഇതിനകം പരിശീലനം പൂർത്തീകരിച്ച പ്രവർത്തന സജ്ജരായി. എറൈസ് സംസ്ഥാനത്ത് പ്രളയക്കെടുതികൾ മൂലം ഉപജീവന മാർഗ്ഗങ്ങൾ നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് വരുമാനമാർഗ്ഗങ്ങൾ കണ്ടെത്തി നൽകുന്നതിന്റെ ഭാഗമായി കുടുംബശ്രീയുടെ നേതൃത്വത്തിൽ 50,000 പേർക്ക് 10 മേഖലകളിലായി സൗജന്യ സ്വയംതൊഴിൽ പരിശീലനം നൽകുന്നതിനായി എറൈസ് പ്രോഗ്രാം ആരംഭിച്ചിട്ടുണ്ട്. പ്ലംബിംഗ്, ഇലക്ട്രോണിക്സ് റിപ്പയറിംഗ്, ഇലക്ട്രിക്കൽ ജോലികൾ, കൃഷി അനുബന്ധ ജോലികൾ (തെങ്ങുകയറ്റം/ കാടുവെട്ടൽ), ലോൺട്രി & അയണിംഗ്, സെയിൽസ്, ഹൗസ് കീപ്പിംഗ്, ഡേ കെയർ, ഹൗസ് മെയ്ഡ്, ഡാറ്റ എൻട്രി എന്നീ പത്തു മേഖലകളിലാണ് എറൈസ് പ്രോഗ്രാം വഴി പരിശീലനം ലഭ്യമാക്കുന്നത്. പ്ലംബിംഗ്, |

ഇലക്ട്രോണിക്സ് റിപ്പയറിംഗ്, ഇലക്ട്രിക്കൽ ജോലികൾ എന്നീ മേഖലകളിൽ എല്ലാ പഞ്ചായത്തുകളിലും എറൈസ് മൾട്ടി ടാസ്ക് ടീമുകൾ രൂപീകരിച്ചു വരുന്നു. ലീപ് പദ്ധതി 2020-21-ലെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതിയാണ് ലീപ്. ടി പദ്ധതി പ്രകാരം അയൽക്കൂട്ടതലത്തിൽ പരമാവധി ആളുകൾക്ക് കുടുംബശ്രീയുടെ വിവിധ പദ്ധതികളിലൂടെ വൈദഗ്ധ്യ പരിശീലനം ലഭ്യമാക്കി തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നതാണ് ലക്ഷ്യമിടുന്നത്. സ്വയംതൊഴിൽ, വേതനാധിഷ്ഠിത തൊഴിൽ എന്നിവയിലൂടെയാണ് സ്ഥിര വരുമാനം ഉറപ്പാക്കുന്നത്. ഇതിന്റെ ഭാഗമായി ഓരോ സിഡിഎസിലും കുറഞ്ഞത് 5 സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതു വഴി ആകെ 5000 പുതിയ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. കുടുംബശ്രീ ഭവന നിർമ്മാണ ഗ്രൂപ്പുകൾ സേവന മേഖലയിൽ ഏറ്റവും വ്യത്യസ്തമായി കുടുംബശ്രീ കൊണ്ടുവന്ന പദ്ധതിയാണ് കുടുംബശ്രീ ഭവന നിർമ്മാണ ഗ്രൂപ്പുകൾ. നിർമ്മാണ മേഖലയിൽ താല്പര്യമുള്ള കുടുംബശ്രീ അംഗങ്ങളെ കണ്ടെത്തി, ഇവർക്ക് അംഗീകൃത പരിശീലന ഏജൻസികളുടെ നേതൃത്വത്തിൽ സർക്കാർ ഭവന പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ഭവനങ്ങളുടെ നിർമ്മാണ പ്രക്രിയയിൽ ഉൾപ്പെടുത്തി പരിശീലനം നല്കി വരുന്നു. കേരളത്തിൽ നവകേരള കർമ്മപദ്ധതിയുടെ ഭാഗമായി എല്ലാവർക്കും വീട് നിർമ്മിച്ചു നല്കുക എന്ന ലക്ഷ്യം മുൻനിർത്തി ഗവൺമെന്റ് നടപ്പിലാക്കിയ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെട്ട ഭവനങ്ങൾ നിർമ്മിക്കുന്നതിനുള്ള അംഗീകൃത ഏജൻസിയായി കുടുംബശ്രീ ഭവന നിർമ്മാണ ഗ്രൂപ്പുകൾക്ക് സർക്കാർ അംഗീകാരം നല്കിട്ടുണ്ട്. കുടുംബശ്രീ നിർമ്മാണ സാമഗ്രി ഉല്പ്പാദന യൂണിറ്റുകൾ ഭവനങ്ങൾ നിർമ്മിയ്ക്കുന്നതിനു ഏറ്റവും ആവശ്യമായ ഒന്നാണ് സിമന്റ് ബ്രിക്കുകൾ. സർക്കാർ പദ്ധതിയിൽ മാത്രമായി ഏകദേശം 2.50 ലക്ഷം ഭവനങ്ങൾ നിർമ്മിക്കേണ്ടതായിട്ടുണ്ട്. ഈ തൊഴിൽ അവസരം പരമാവധി പ്രയോജനപെടുത്തുന്നതിനായി കുടുംബശ്രീ ഓരോ ബ്ലോക്കിലും, നഗരസഭകളിലും ആവശ്യം അനുസരിച്ചു നിർമ്മാണ സാമഗ്രി ഉൽപ്പാദന യൂണിറ്റുകൾ രൂപീകരിച്ചു വരുന്നു. നിലവിൽ 55 സിമന്റ് ബ്രിക്ക് യൂണിറ്റുകൾ രൂപീകരിച്ചിട്ടുണ്ട്. നിലവിൽ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിച്ചുകൊണ്ടു സർക്കാർ ഭവന പദ്ധതികൾക്കു ആവശ്യമായ സിമന്റ് ബ്രിക്കുകളും, മറ്റു നിർമ്മാണസാമഗ്രികളും നിർമ്മിച്ചു വരുന്നു. ജനകീയ ഹോട്ടൽ സംസ്ഥാന സർക്കാർ

ആവിഷ്കരിച്ച 'വിശപ്പ രഹിത കേരളം' പദ്ധതിയുടെ ഭാഗമായി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും, ഭക്ഷ്യപൊതുവിതരണ വകുപ്പിന്റെയും സഹകരണത്തോടെ കുടുംബശ്രീയുടെ നേതൃത്വത്തിൽ 20 രൂപക്ക് ഉച്ചഭക്ഷണം ലഭ്യമാക്കുന്ന ജനകീയ ഹോട്ടലുകൾ സംസ്ഥാനമൊട്ടാകെ രൂപീകരിച്ചിട്ടുണ്ട് ഇപ്രകാരം ജനകീയ ഹോട്ടലുകൾ മുഖാന്തിരം സാധാരണക്കാരായ ജനങ്ങൾക്ക് ഗുണനിലവാരമുള്ള ഭക്ഷണം ന്യായ വിലയ്ക്ക് ലഭ്യമാക്കുവാൻ സാധിക്കുന്നുണ്ട്. ഡിസിൻഫെക്ഷൻ ടീം കൊറോണയുൾപ്പെടെയുള്ള സാംക്രമിക രോഗങ്ങൾ തടയുന്നതിനായുള്ള അണുനശീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി കേരളത്തിലെ സർക്കാർ ഓഫീസുകൾ, കെട്ടിടങ്ങൾ, വാഹനങ്ങൾ എന്നിവയുടെ അണുനശീകരണ, ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ജില്ലാ അടിസ്ഥാനത്തിൽ കുടുംബശ്രീ ഡിസൻഫെക്ഷൻ ടീമുകളെ രൂപീകരിക്കുന്നതിനുള്ള പദ്ധതി. പ്രത്യാശ സമൂഹത്തിലെ പാർശ്വവൽകൃത വിഭാഗങ്ങളിൽ ഉൾപ്പെടുന്ന അവിവാഹിതരായ അമ്മമാർ, ട്രാൻസ്ജെൻഡേഴ്സ്, മാനസിക വൈകല്യം നേരിടുന്ന കുട്ടികൾ/അവരുടെ അമ്മമാർ, കിടപ്പ രോഗികൾ/ അവരുടെ സംരക്ഷകരായ സ്ത്രീകൾ, വൃദ്ധകൾ, വിധവകൾ തുടങ്ങിയവർക്ക് സൂക്ഷ്മ സംരംഭം ആരംഭിക്കുന്നതിനുള്ള പദ്ധതി. പൊതു സേവനകേന്ദ്രങ്ങൾ ഓരോ ജില്ലയിലും ഒരേ രീതിയിൽ പ്രവർത്തിക്കുന്ന സംരംഭങ്ങളെ ഒരുമിപ്പിച്ച് ഒരേ ഉത്പന്നങ്ങൾ വലിയ തോതിൽ ഉത്പാദിപ്പിച്ച് ഒരേ രീതിയിൽ ബ്രാൻഡിംഗ്, പാക്കിംഗ് എന്നിവ കൊണ്ടുവരികയും ആയത് വിപണിയിൽ എത്തിച്ച് പരമാവധി വരുമാനം സംരംഭകർക്ക് ലഭ്യമാക്കുകയുമാണ് കോമൺ ഫെസിലിറ്റി സെന്റർ (സിഎഫ്.സി). സാന്ത്വനം ആരോഗ്യ രംഗത്തെ കുടുംബശ്രീയുടെ ഭാവനാപൂർണ്ണമായ പദ്ധതിയാണ് സാന്ത്വനം. മാറിവരുന്ന ജീവിതശൈലിയുടെ ഭാഗമായി ഉണ്ടാകുന്ന രോഗങ്ങളായ രക്തസമ്മർദ്ദം, പ്രമേഹം തുടങ്ങിയവ പരിശീലനം സിദ്ധിച്ച സാന്ത്വനം വോളന്റിയേഴ്സ് വീടുകളിൽ എത്തിച്ചേർന്ന് യഥാസമയം പരിശോധിക്കുകയാണ് 'സാന്ത്വനം' എന്ന പരിപാടിയിലൂടെ ഉദ്ദേശിക്കുന്നത്. ഹർഷം ആരോഗ്യരംഗത്ത് വയോജന പരിപാലനത്തിന് പരിശീലനം സിദ്ധിച്ച എക്സിക്യൂട്ടീവുകളുടെ സേവനം ലഭ്യമാക്കിക്കൊണ്ട് നടപ്പിലാക്കുന്ന നൂതന പദ്ധതിയാണ് ഹർഷം ജെറിയാട്രിക് കെയർ പദ്ധതി. മുതിർന്ന തലമുറയ്ക്കും കിടപ്പരോഗികൾക്കും ആവശ്യമായ വിവിധ സേവനങ്ങൾ ലഭ്യമാക്കുന്ന

| | | | |
|---|---|---|---|
| | | | രീതിയിലാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. |
| (സി) | കുടുംബശ്രീ സ്കൂളിന്റെ പ്രവർത്തനം വ്യക്തമാക്കുമോ; സമൂഹാധിഷ്ഠിത സ്വയംപഠനം എത്രത്തോളം ഫലപ്രദമായി നടക്കുന്നുണ്ട് എന്നറിയിക്കുമോ ; | (സി) | കുടുംബശ്രീയുടെ ചരിത്രത്തിൽ ആദ്യമായി 2,77,175 അയൽക്കൂട്ടങ്ങളിലെയും 43,06,976 അംഗങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് 'കുടുംബശ്രീ സ്കൂൾ' എന്ന പേരിൽ അനൗപചാരിക വിദ്യാഭ്യാസ പരിപാടി രണ്ടു ഘട്ടങ്ങളിലായി 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ നടപ്പിലാക്കി. ഘട്ടം ഒന്നിലും ഘട്ടം രണ്ടിലും അയൽക്കൂട്ട യോഗങ്ങളിൽ 2 മണിക്കൂർ വീതമുള്ള ക്ലാസ്സുകൾ സംഘടിപ്പിച്ചുകൊണ്ട് 6 ആഴ്ച കൊണ്ട് 6 വിഷയങ്ങളിൽ പരിശീലനം പൂർത്തീകരിച്ചു. വളരെ മികച്ച രീതിയിലാണ് പരിശീലന പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുള്ളത്. |
| (ഡി) | അയൽക്കൂട്ടങ്ങളുടെ എണ്ണത്തിലും വ്യാപ്തിയിലും ഈ സർക്കാർ കാലയളവിൽ വർദ്ധനവുണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ഡി) | ഉണ്ട്. ഈ ഗവൺമെന്റ് വന്നതിന് ശേഷം നാളിതുവരെ 41,962 പുതിയ അയൽക്കൂട്ടങ്ങൾ രൂപീകരിക്കാൻ സാധിച്ചു. കൂടാതെ വയോജനങ്ങൾക്ക് വേണ്ടി 25992 പ്രത്യേക അയൽക്കൂട്ടങ്ങളും, ഭിന്നശേഷിക്കാർക്ക് വേണ്ടി 3,352 അയൽക്കൂട്ടങ്ങളും 48 ട്രാൻസ്ജെന്റർ അയൽക്കൂട്ടങ്ങളും, 7135 ട്രൈബൽ അയൽക്കൂട്ടങ്ങളും രൂപീകരിക്കാൻ സാധിച്ചു. |
| (ഇ) | കുടുംബശ്രീ നിർമ്മാണ മേഖലയിൽ പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കുമോ? | (ഇ) | ഉണ്ട്. സേവന മേഖലയിൽ ഏറ്റവും വ്യത്യസ്തമായി കുടുംബശ്രീ കൊണ്ടുവന്ന പദ്ധതിയാണ് കുടുംബശ്രീ ഭവന നിർമ്മാണ ഗ്രൂപ്പുകൾ. നിർമ്മാണ മേഖലയിൽ താല്പര്യമുള്ള കുടുംബശ്രീ അംഗങ്ങളെ കണ്ടെത്തി, ഇവർക്ക് അംഗീകൃത പരിശീലന ഏജൻസികളുടെ നേതൃത്വത്തിൽ സർക്കാർ ഭവന പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ഭവനങ്ങളുടെ നിർമ്മാണ പ്രക്രിയയിൽ ഉൾപ്പെടുത്തി പരിശീലനം നല്കി വരുന്നു. കേരളത്തിൽ നവകേരള കർമ്മപദ്ധതിയുടെ ഭാഗമായി എല്ലാവർക്കും വീട് നിർമ്മിച്ചു നല്കുക എന്ന ലക്ഷ്യം മുൻനിർത്തി ഗവൺമെന്റ് നടപ്പിലാക്കിയ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെട്ട ഭവനങ്ങൾ നിർമ്മിക്കുന്നതിനുള്ള അംഗീകൃത ഏജൻസിയായി കുടുംബശ്രീ ഭവന നിർമ്മാണ ഗ്രൂപ്പുകൾക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. നിലവിൽ 288 ഗ്രൂപ്പുകളിലായി 2,375 വനിതാ അംഗങ്ങൾ ഈ രംഗത്ത് പ്രവർത്തിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ